**82**

എന്നാളും സ്തുതിച്ചിടുവിൻ-യേശു
രാജാധിരാജാവിനെ നമ്മൾ പാടി പുകഴ്ത്തിടുവിൻ

1 ആദിയുമവനാം അന്തവുമവനാം അത്ഭുതരക്ഷകനാം -നമ്മെ
തേടിയീധാത്രിയിൽ വന്നു തൻജീവനെ
തന്നൊരു സ്നേഹിതനാം-

2 സമ്പന്നനെന്നാൽ നമ്മെ കരുതി നിർധനനായിത്തീർന്ന-തന്റെ
നിസ്തുല്യമാം കൃപ നിത്യവും ധ്യാനിച്ചു
വാഴ്ത്തി സ്തുതിക്കുക നാം-

3 വാനം ഭൂവനം എല്ലാം ചമച്ചോൻ ഹീനമരക്കുരിശിൽ-നമ്മെ
സ്നേഹിച്ചു ശാപമൃത്യുവരിച്ചു രക്ഷിച്ചതും നിനച്ച്-

4 നന്ദിയാലുള്ളം നന്നേ നിറഞ്ഞു വന്ദനം ചെയ്തിടുവിൻ-ദൈവ
നന്ദനൻ ചെയ്ത നന്മകളോർത്തു കീർത്തനം പാടിടുവിൻ **G.P.**